**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5471 — 18.11.2019-ലെ മറുപടിയ്ക്ക്

## അഫീൽ ജോൺസൺന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **പിണറായി വിജയൻ**<br>ബഹു.മുഖ്യമന്ത്രി | |
| (എ) | പാലായിൽവെച്ച് നടന്ന ജൂനിയർ അത്ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ വീണ് മരിച്ചുപോയ വിദ്യാർത്ഥി അഫീൽ ജോൺസൺന്റെ മാതാപിതാക്കൾക്ക് ക്യാബിനറ്റ് പ്രഖ്യാപിച്ച നഷ്ടപരിഹാരതുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. നഷ്ടപരിഹാരതുകയായ 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഫീൽ ജോൺസന്റെ പിതാവായ ജോൺസൺ ജോർജിന്റെ പേരിൽ ഫെഡറൽ ബാങ്ക് മൂന്നിലവ് ബ്രാഞ്ചിലെ അക്കൗണ്ടിലേയ്ക്ക് 06.11.2019 ൽ മീനച്ചിൽ സബ് ട്രഷറിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ കുറ്റക്കാർക്കെതിരെ പോലീസ് ഏതൊക്കെ വകുപ്പപ്രകാരം കേസ് എടുത്തു എന്ന് വ്യക്തമാക്കാമോ? | (ബി) | സംഭവത്തിൽ പാലാ പോലീസ് സ്റ്റേഷനിൽ 04.10.2019 തീയതിയിൽ ക്രൈം നം.2793/19 U/S 338 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുട്ടി മരണപ്പെട്ടതിനെ തുടർന്ന് 338 ഐ.പി.സി ഒഴിവാക്കി 304 (A) വകുപ്പ് ചേർത്ത് അന്വേഷണം നടത്തി വരുന്നു. കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ഹാമർ ത്രോയിംഗ് റഫറി മുഹമ്മദ് കാസിം ജാവലിൻ റഫറി ജോസഫ്.കെ ഹാമർ ജഡ്ജ് മാർട്ടിൻ ടി ഐ ജാവലിൻ ജഡ്ജ് നാരായണൻകുട്ടി എന്നിവരെ പ്രതിചേർത്തിട്ടുണ്ട്. രണ്ടാം പ്രതി ജോസഫ്.കെ ഒഴികെയുള്ളവരെ 04.11.2019 ൽ അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**